4. ബഹു. സുപ്രിം കോടതിയുടെ റിട്ട്പെറ്റീഷൻ (സിവിൽ) 22/95 എന്ന വിധിന്യായത്തിൽ കൈവിലങ്ങുവയ്ക്കുന്നതും കാൽവിലങ്ങ് വയ്ക്കുന്നതും ചങ്ങലയ്ക്കിടുന്നതും ഇൻഡ്യൻ ഭരണഘടനയിലെ 14, 15 19, 21, എന്നീ ആർട്ടിക്കിളുടെ ലംഘനമാണെന്നതിനാൽ 27-11-2002 തീയതിയിലെ ജി. ഒ. (എം. എസ്.) 191/2002/ആഭ്യന്തരം എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ തടവുകാരെ കൈവിലങ്ങോ, കാൽവിലങ്ങോ, ചങ്ങലയ്ക്കിടുകയോ ചെയ്യാൻ പാടില്ല എന്നു വ്യവസ്ഥ ചെയ്തുകൊണ്ടുള്ള ഭേദഗതി.

5. കാലാകാലങ്ങളിലുണ്ടായ മാറ്റങ്ങൾ കൂടി ഉൾപ്പെടുത്തി ജീവനക്കാരുടെ യൂണിഫോം കാലോചിതമായി മാറ്റം വരുത്തണമെന്നു സർക്കാർ തീരുമാനിച്ച പ്രകാരം 25-1-2003 തീയതിയിലെ ജി. ഒ.(എം. എസ്.) 19/2003/ആഭ്യന്തരം എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജയിൽ എക്സിക്യൂട്ടിവ് ഉദ്യോഗസ്ഥരുടെ യൂണിഫോം പരിഷ്കരിച്ചുകൊണ്ടുള്ള ഭേദഗതി.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുറപ്പെടുവിച്ചിട്ടുള്ള ഭേദഗതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള കേരള ജയിൽ ചട്ടങ്ങളും ജയിൽ മാനുവലും പ്രസിദ്ധീകരിച്ചിട്ടില്ല.

വിചാരണത്തടവുകാരുടെ ആനുകൂല്യങ്ങൾ

96 [1571] ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജയിലുകളിലെ വിചാരണത്തടവുകാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത്;

(ബി) വിചാരണത്തടവുകാരെ ജയിലിൽനിന്നു വിട്ടയക്കുമ്പോൾ യാത്രാബത്ത നൽകാറുണ്ടോ;

(സി) എങ്കിൽ പ്രസ്തുത യാത്രാബത്ത നൽകുന്നതിനുള്ള മാനദണ്ഡമെന്താണെന്നു വെളിപ്പെടുത്തുമോ;

(ഡി) വിചാരണത്തടവുകാർക്ക് പലപ്പോഴും അവർക്ക് അർഹതപ്പെട്ട യാത്രാബത്ത നൽകാറില്ല എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇവർക്ക് യാത്രാബത്ത നൽകുന്നതിന് ബന്ധപ്പെട്ടവർക്ക് സർക്കാർ ആവശ്യമായ നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആനുകൂല്യങ്ങൾ ഒന്നും തന്നെ കൊടുക്കാറില്ല.

(ബി) ഉണ്ട്.

(സി) വിചാരണത്തടവുകാരെ വിട്ടയക്കുമ്പോൾ അവർക്ക് സ്വന്തമായി യാത്രാ ചെലവ് കണ്ടെത്താനുള്ള കഴിവില്ലെങ്കിൽ അവരുടെ യാത്രാദൂരത്തേക്കുള്ള കുറഞ്ഞ ട്രെയിൻചാർജ്/ബസ്ചാർജ് നൽകി വരുന്നു.

(ഡി) ഇല്ല.

(ഇ) ഉദിക്കുന്നില്ല.

ജീവപര്യന്തം തടവുകാരുടെ കണക്ക്

97 [1572] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ കേസ്സുകളിൽ ജീവപര്യന്തം തടവുശിക്ഷക്ക് വിധിക്കപ്പെട്ട് സംസ്ഥാനത്തെ വിവിധ ജയിലുകളിൽ കഴിയുന്ന തടവുകാർ എത്രയെന്ന് ജയിൽ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇവരിൽ സ്ത്രീകൾ എത്രയെന്നും പുരുഷൻമാരെത്രയെന്നും അറിയിക്കുമോ;

(സി) ജീവപര്യന്തത്തിന്റെ കാലാവധി പൂർത്തിയായിട്ടും ജയിലിൽ കഴിയുന്നവരുടെ എണ്ണം എത്രയെന്നും ഓരോ ജയിലിലും ഇവരുടെ എണ്ണം എത്രയെന്നും ഇവയിൽ എത്ര സ്ത്രീ തടവുകാരുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ ജയിലിനെ സംബന്ധിച്ചും എത്ര ജയിൽ റിവ്യൂ കമ്മിറ്റികൾ കൂടുകയുണ്ടായിയെന്നും അറിയിക്കുമോ;

(ഇ) പ്രസ്തുത കമ്മിറ്റികളിൽ കാലാവധി പൂർത്തിയാക്കിയവരും നല്ലനടപ്പുകാരുമായ തടവുകാരെ മോച്ചിപ്പിക്കുന്നത് സംബന്ധിച്ച് കൈക്കൊണ്ട തീരുമാനങ്ങളും തുടർ നടപടികളും വ്യക്തമാക്കുമോ;

(എഫ്) ശിക്ഷാകാലാവധി പൂർത്തിയായതിനുശേഷവും ജയിൽ മോചനം കാത്തു കഴിയുന്ന തടവുകാരെ മോചിപ്പിക്കുന്നതിനു ഉടനടി എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly